I ഇ.ബി. XIII-കേരള നിയമസഭ/XII-4

# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

# **നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

**2014 ഡിസംബർ 4, വ്യാഴം**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## **ഉത്തരത്തിലെ തിരുത്ത്**

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 7290-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പൊതുമരാമത്ത് വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തരപ്രമേയം**

**<u>കർഷക ആത്മഹത്യ</u>**

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: കേന്ദ്ര സർക്കാരിന്റെ ആഗോളവൽക്കരണ നയങ്ങളും ആസിയാൻ ഉൾപ്പെടെയുള്ള ആഗോള കരാറുകളും ഇറക്കുമതിയുംമൂലം ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെയും ഭീമമായ ഉൽപ്പാദനച്ചെലവ് താങ്ങാൻ കഴിയാതെയും നാണ്യവിളകളെ ആസ്പദമാക്കിയുള്ള കേരളത്തിലെ കാർഷിക മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും കർഷകർ കടക്കെണിയിൽ അകപ്പെട്ട് വലയുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, കെ. കെ. ജയചന്ദ്രൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ ലോകവാണിജ്യ കരാറിലും ആസിയാൻ ഉൾപ്പെടെയുള്ള പ്രാദേശിക കരാറുകളിലും ഒപ്പുവച്ചതിന്റെ ഫലമായി റബ്ബർ, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങൾക്ക്

വിലയിടിവുണ്ടായിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളുമായുള്ള കരാർ കേരളത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ആസിയാൻ രാജ്യങ്ങളുമായി കേന്ദ്ര ഗവൺമെന്റ് ഒപ്പുവയ്ക്കാൻ ഉദ്ദേശിക്കുന്ന ആർ.സി.ഇ.പി. (Regional Comprehensive Economic Partnership) കരാറിനെതിരായ കേരളത്തിന്റെ ആശങ്ക പ്രധാനമന്ത്രിയെ അറിയിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് നാളികേരം സംഭരിച്ചു തുടങ്ങിയതോടെ വില ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: വാണിജ്യ വിള മേഖലയിൽ രൂപപ്പെട്ടിരിക്കുന്ന പ്രതിസന്ധി കേരളത്തിലെ കർഷകരുടെയും കൃഷിയെ ആശ്രയിച്ചുകഴിയുന്ന അനുബന്ധ തൊഴിലാളികളുടെയും ജീവിതത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. കേരളത്തിലെ കൃഷിയെ ബാധിക്കുന്ന തരത്തിൽ ഏതെങ്കിലും ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യുമ്പോൾ കേരളത്തിന്റെ അഭിപ്രായം ചോദിക്കണമെന്ന ഡബ്ല്യു.റ്റി.ഒ.-യുടെ ശിപാർശ നടപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടണം. തേയില, ഏലം, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി കാർഷിക കടാശ്വാസ കമ്മീഷൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തെ

നാണ്യവിളകളുടെ ദുരന്തബാധിത മേഖലയായി പ്രഖ്യാപിക്കാനും കടാശ്വാസ കമ്മീഷൻ അംഗീകരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കർഷകർക്ക് നൽകാനും റബ്ബർ കർഷകരുടെ കടത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കാനും നടപടി സ്വീകരിക്കണം. ഇടുക്കി ജില്ലയെ ദുരന്തബാധിത ജില്ലയായി പ്രഖ്യാപിക്കണമെന്നും ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും റബ്ബറിന് തറവില പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഇടുക്കി ജില്ലയെ ദുരന്തബാധിത ജില്ലയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 2002-ലെ SARFAESI (The Securitisation and Reconstitution of Financial Assets and Enforcement of Security Interest Act) Act പ്രകാരം റബ്ബറിനെ കാർഷികവിളയായി പരിഗണിക്കാത്തതിനാൽ റബ്ബർ കർഷകർക്ക് കാർഷിക വായ്പയുടെ പരിരക്ഷ ലഭിക്കാത്ത സാഹചര്യത്തിൽ റബ്ബറിനെ

കാർഷിക വിളയായി പരിഗണിച്ച് മറ്റ് കർഷകരെപ്പോലെ അവർക്കും വായ്പ പരിരക്ഷ ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ നേരിൽക്കണ്ട് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. റബ്ബർ ഇറക്കുമതി ചെയ്യുന്നതിനു പകരം ആഭ്യന്തര വിപണിയിൽ നിന്ന് റബ്ബർ വാങ്ങാൻ ടയർ വ്യവസായികളോട് നിർദ്ദേശിച്ചിട്ടുണ്ട്. റോഡ് നിർമ്മാണത്തിന് റബ്ബർ ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയുടെ കീഴിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതോടുകൂടി റബ്ബർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. റബ്ബർ വ്യവസായത്തെ 'മേക്ക് ഇൻ ഇൻഡ്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കണമെന്ന് കേന്ദ്ര വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ ഉല്പാദനം പ്രോത്സാഹിപ്പി ക്കുന്നതിനായി റബ്ബർ ബോർഡ് മുഖാന്തിരമുള്ള പ്ലാന്റേഷൻ സബ്സിഡി സ്കീം നടപ്പിലാക്കുന്നതാണ്. റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉല്പന്നങ്ങൾക്കും വിലസ്ഥിരത ഏർപ്പെടുത്താനായി അനുയോജ്യമായ പദ്ധതി കൊണ്ടുവരുന്ന കാര്യം കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. റബ്ബർ

തടിയെ കാർഷികോല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുക, സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് നാണ്യവിളകൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, സി. കെ. നാണു, തോമസ് ചാണ്ടി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) <u>ദുർമന്ത്രവാദവും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തടയുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: കേരളം അന്ധവിശ്വാസങ്ങളുടെയും

അനാചാരങ്ങളുടെയും പിടിയിലമർന്നിരിക്കുന്നുവെന്നതിന് തെളിവാണ് 19 വയസ്സുള്ള ആതിര എന്ന പെൺകുട്ടിയും ആറുമാസം ഗർഭിണിയായ ആരിഫ എന്ന യുവതിയും മരിക്കാനിടയായ സംഭവം. ഇത്തരം അനാചാരങ്ങൾ തുടച്ചുമാറ്റുന്നതിന് അടിയന്തര നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകണം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സംബന്ധിച്ച് തെറ്റിദ്ധാരണയുണ്ടാക്കുന്നതരത്തിലുള്ള വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിൽനിന്നും മാധ്യമങ്ങളെ തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സംസ്ഥാനത്തുനിന്നും ഉന്മൂലനം ചെയ്യപ്പെട്ടിരുന്ന പല അനാചാരങ്ങളും തിരിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം അനാചാരങ്ങൾ തുടച്ചുനീക്കേണ്ടത് അത്യാവശ്യമാണ്. രോഗശാന്തി ലഭിക്കുന്നതിനും സമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമെന്ന വ്യാജേന നടത്തുന്ന ഇത്തരം തട്ടിപ്പുകളുടെ ഇരകളായി മലയാളികൾ മാറുകയാണ്. ഇത്തരത്തിൽ നടത്തിയ മന്ത്രവാദത്തിന്റെ ഫലമായി പത്തനംതിട്ട ജില്ലയിൽ പത്തൊൻപത് വയസ്സുള്ള പെൺകുട്ടിയും കരുനാഗപ്പള്ളിയിൽ ആറുമാസം ഗർഭിണിയായ ആരിഫ എന്ന സ്ത്രീയും മരിക്കാനിടയായ

സംഭവത്തിൽ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. തഴവ സ്വദേശിനിയായ ഇരുപത്തിയേഴ് വയസ്സുള്ള ഹസീന മരണപ്പെട്ടത് സംബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് മന്ത്രവാദിയായ മുഹമ്മദ് സിറാജുദ്ദീനടക്കമുള്ള പ്രതികളെയും അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കുകയുണ്ടായി. സമൂഹത്തിൽ നടക്കുന്ന ഇത്തരം ദുഷ്പ്രവണതകൾ തടയാൻ നിയമപരമായ നടപടികൾ പോലീസ് സ്വീകരിക്കുന്നുണ്ട്. മന്ത്രവാദംപോലുള്ള ഇത്തരം പ്രവൃത്തികൾ തടയാൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനായി എല്ലാ രാഷ്ട്രീയപാർട്ടികളും യുവജനസംഘടനകളും മുന്നോട്ടുവരണം. ജനങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള ഇത്തരം പരസ്യങ്ങൾ നിരോധിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം. വിദ്യാഭ്യാസ പാഠ്യപദ്ധതികളിലൂടെയും ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുമുള്ള ബോധവൽക്കരണം നടത്താൻ സർക്കാർ മുൻകയ്യെടുക്കുന്നതാണ്. ഇതുസംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനായി എ.ഡി.ജി.പി. (ഇന്റലിജൻസ്) ഒരു കരട് ബിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത ബിൽ സർക്കാർ പരിശോധിച്ചുവരികയുമാണ്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങ

ൾക്കും ദുർമന്ത്രവാദങ്ങൾക്കു മെതിരായി കേരളത്തിലെ പൊതുസമൂഹം ശക്തമായ ബോധവൽക്കരണ പരിപാടികൾ നടത്തണം. ഇക്കാര്യത്തിൽ സർക്കാരിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നതാണ്.

## (2) പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനം

ശ്രീ. മാത്യു റ്റി. തോമസ്: 2012 -ലാണ് പമ്പ-അച്ചൻകോവിൽ -വൈപ്പാർ അടക്കമുള്ള മുപ്പത്തിയേഴ് നദികളുടെ സംയോജനത്തിനായി ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശം വന്നത്. നദീസംയോജനവുമായി ബന്ധപ്പെട്ട് അച്ചൻ കോവിലാറിനെ സംബന്ധിച്ച നടപടികളുമായി മുന്നോട്ടുപോകണമെന്ന് തമിഴ്നാട് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പുതിയ കേന്ദ്രനയത്തിൽ ദേശീയ നദീസംയോജനം നടപ്പിലാക്കുമെന്നും അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനായി പുതുക്കിയ കേന്ദ്ര ബഡ്ജറ്റിൽ നൂറ് കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കിയാൽ കേരളത്തിലുണ്ടാകാവുന്ന ദുരന്തങ്ങൾ സംബന്ധിച്ച് വസ്തുനിഷ്ഠമായ പഠനം നടത്താനോ അതിനെതിരെ

സുപ്രീംകോടതിയിൽ തർക്കമുന്നയിക്കാനോ സർക്കാരിന് സാധിച്ചിട്ടില്ല. തമിഴ്നാടുമായി കേരളം ഏർപ്പെട്ടിട്ടുള്ള എല്ലാ നദീജലകരാറുകളും കേരളത്തിന് നഷ്ടമാണ് വരുത്തിയിട്ടുള്ളത്. പമ്പ-അച്ചൻകോവിൽ -വൈപ്പാർ പദ്ധതി നടപ്പാക്കിയാൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളേയും കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളേയും പ്രതികൂലമായി ബാധിക്കുകയും മധ്യതിരുവിതാംകൂറും കുട്ടനാടും ഊഷരഭൂമിയായി മാറുകയും വേമ്പനാട് ജലവ്യവസ്ഥിതിയുടെ വൈവിധ്യം നഷ്ടപ്പെടുകയും ചെയ്യും. ഈ വിഷയത്തിൽ ഏത് തരത്തിലുള്ള നിയമ നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് ആലോചിക്കണം. ഈ നദികളിൽ അധിക ജലമില്ലെന്ന വസ്തുനിഷ്ഠമായ കണക്കുകൾ ദേശീയ തലത്തിൽ അംഗീകരിപ്പിക്കാനും ഈ പദ്ധതി നടപ്പിലായാൽ കേരളത്തിൽ ഉണ്ടാകാവുന്ന ആപത്തുകളെ സംബന്ധിച്ച് കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്താനും കഴിയണം. കേന്ദ്ര സർക്കാരിനുമേൽ മറ്റുതലങ്ങളിൽനിന്ന് ഉണ്ടാകുന്ന സമ്മർദ്ദത്തെ പ്രതിരോധിക്കാൻ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുകയും ശാസ്ത്രീയ പഠനം നടത്തുകയും ചെയ്ത് ദേശീയ നദീസംയോജന പദ്ധതിയിൽനിന്ന് പമ്പ-അച്ചൻകോവിൽ-വൈപ്പാർ പദ്ധതി ഒഴിവാക്കുന്നതിന് സർക്കാർ

ഉണർന്ന് പ്രവർത്തിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): പമ്പ-അച്ചൻകോവിൽ-വൈപ്പാർ നദീസംയോജന പദ്ധതി കേരളത്തിലെ പമ്പ, അച്ചൻകോവിൽ നദികളിലെ 22.5 ടി.എം.സി. ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന വൈപ്പാർ നദീതടത്തിലേയ്ക്ക് തിരിച്ചുവിടാൻ ഉദ്ദേശിച്ചുള്ളതാണ്. ഈ നദികളിൽ അധിക ജലമില്ലെന്ന് മാത്രമല്ല, വിദൂരഭാവിയിൽ ഈ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുമെന്നും മധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാകുമെന്നും കേരളത്തിന്റെ 2004 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാകുമെന്നും CWRDM നടത്തിയ പഠനത്തിൽ കണ്ടെത്തുകയും പഠന റിപ്പോർട്ട് പല സമിതികളിലും ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ പമ്പാ നദിയിലെ വെള്ളത്തിന്റെ ഒഴുക്കിന് വലിയ പ്രാധാന്യമുണ്ട്. വേമ്പനാട് വെറ്റ്ലാന്റിന്റെ വാട്ടർ ബാലൻസ് സ്റ്റഡി നടത്താൻ ചുമതലപ്പെടുത്തിയ ഡൽഹി ഐ.ഐ.ടി.-യുടെ അന്തിമ റിപ്പോർട്ടിൽ ഈ നദീ സംയോജന പദ്ധതിയുണ്ടാക്കാൻ സാധ്യതയുള്ള ഇക്കോളജിക്കൽ ഇംപാക്ടിനെ സംബന്ധിച്ചും ഈ നദികളിൽ അധികജലമില്ലെന്നും

വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയനുസരിച്ച് ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസ്ഥാന വിഷയമായതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റേതെങ്കിലും സംസ്ഥാനത്തേയ്ക്ക് തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരള സർക്കാരിനാണ്. സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയിലേക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. ഈ സമിതിക്ക് പദ്ധതികൾ സംബന്ധിച്ച് ശുപാർശ നൽകാനുള്ള അധികാരം മാത്രമേയുള്ളൂ. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജന പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ലെന്നതിനാൽ ഈ വിഷയത്തിൽ യാതൊരുവിധ ആശങ്കയ്ക്കും വകയില്ലെന്നുള്ള ഉപദേശമാണ് ലഭിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട എല്ലാ വേദികളിലും സംസ്ഥാനത്തിന്റെ എതിർപ്പ് പ്രകടിപ്പിക്കുന്നതുകൂടാതെ 21.11.2014-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി വിളിച്ച യോഗത്തിലും സംസ്ഥാനത്തിന്റെ അതിശക്തമായ എതിർപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസി തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഈ പദ്ധതി വന്നിട്ടില്ലെന്ന മാത്രമല്ല, കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതി

സംബന്ധിച്ച് തുടർനടപടി സ്വീകരിക്കുകയില്ലെന്ന് ഏജൻസി വ്യക്തമാക്കിയിട്ടുമുണ്ട്. സംസ്ഥാനത്തിന്റെ എതിർപ്പിനെ അവഗണിച്ച് ദേശീയ ജല വികസന ഏജൻസിയോ കേന്ദ്ര സർക്കാരോ ഈ പദ്ധതിയുമായി മുമ്പോട്ടു പോകില്ലെന്ന ധാരണയാണുള്ളത്. ഈ വിഷയത്തിൽ സർക്കാർ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

## ക്രമപ്രശ്നം

### മദ്യനയം മാറ്റം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : മദ്യനയം മാറ്റുന്നതായി മുഖ്യമന്ത്രി 03.12.2014-ന് നിയമസഭയിൽ പ്രസ്താവന നടത്തുകയുണ്ടായി. ബാർ മുതലാളിമാരുമായുള്ള സർക്കാരിന്റെ ഒത്തുകളിയെത്തുടർന്ന്, മദ്യനയം മാറ്റുമെന്ന് മുഖ്യമന്ത്രി ഏകപക്ഷീയമായി പ്രഖ്യാപിച്ച് നിയമസഭയെ നോക്കുകുത്തിയാക്കിയിരിക്കുന്നത് ഓർഡറിലാണോയെന്ന് വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നുള്ള യു.ഡി.എഫ് ഗവൺമെന്റിന്റെ പ്രകടനപത്രികയിലെ വാഗ്ദാനത്തിന്റെ ഭാഗമായിട്ടാണ് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ പുതിയതായി തുറക്കുകയില്ലെന്ന് പ്രഖ്യാപിച്ചത്.

31-3-2012 വരെ മാത്രം ത്രീസ്റ്റാർ പദവിയും 31-03-2013 വരെ മാത്രം ഫോർ സ്റ്റാർ പദവിയും അനുവദിക്കുകയുള്ളുവെന്ന നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. മദ്യനയം സംബന്ധിച്ച് കഴിഞ്ഞ മൂന്നുനാല് മാസമായി ഒട്ടേറെ ചർച്ചകൾ നടക്കുകയാണ്. പല കേസുകളിലും കോടതികളുടെ നിരീക്ഷണങ്ങൾ വന്നുവെങ്കിലും അന്തിമ വിധി വരാനിരിക്കുന്നതേയുള്ളൂ. പുതിയ വൈൻ/ബീയർ പാർലറുകൾ അനുവദിക്കുന്നത് സംബന്ധിച്ചും ക്ലബ്ബുകളുടെ ലൈസൻസ് സംബന്ധിച്ചും ഇതുവരെ തീരുമാനം എടുത്തിട്ടില്ല. തൊഴിലാളികളുടെ തൊഴിൽ പ്രശ്നവും ടൂറിസം മേഖലയിലെ പ്രശ്നവുമുൾപ്പെടെ പരിശോധിച്ച് യു.ഡി.എഫ്-ലും യു.ഡി.എഫ്-ലെ എല്ലാ മുന്നണികളുമായും നടത്തുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ മദ്യനയം സംബന്ധിച്ച് സുതാര്യമായ തീരുമാനമെടുക്കുന്നതാണ്. മദ്യനയം കുറ്റമറ്റ രീതിയിലും സമൂഹത്തിന്റെ നന്മയ്ക്ക് പ്രയോജനപ്പെടത്തക്കവിധത്തിലും നടപ്പിലാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

## സബ്മിഷൻ

### (1) ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ദുരവസ്ഥ

പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ: കേരളത്തിലെ വന-മലയോര മേഖലകളിലെ ഒറ്റപ്പെട്ട കോളനികളിൽ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത നിരക്കിൽ പ്രതിമാസ ഓണറേറിയം അനുവദിക്കാനും വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി പഠനോപകരണങ്ങൾ വിതരണം ചെയ്യാനും ഏകാദ്ധ്യാപക വിദ്യാലയങ്ങളെ എൽ.പി. സ്കൂളുകളായി ഉയർത്തുന്നതിനും നിലവിലുള്ള അദ്ധ്യാപകരെ തുടരാൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): കേരളത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി സ്ഥാപിതമായ ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ നടത്തിപ്പ് ചുമതല ജില്ലാ പ്രാഥമിക വിദ്യാഭ്യാസ

പദ്ധതിക്കുശേഷം സർവ്വശിക്ഷാ അഭിയാനം തുടർന്ന് 2011-12 മുതൽ സംസ്ഥാന ഗവൺമെന്റും ഏറ്റെടുക്കുകയുണ്ടായി. സംസ്ഥാനത്തെ 12 ജില്ലകളിലായി പ്രവർത്തിക്കുന്ന 321 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ കേന്ദ്ര വിദ്യാഭ്യാസ ചട്ടപ്രകാരം എൽ.പി. സ്കൂളുകളായി ഉയർത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എ. പരിശോധന നടത്തുകയും സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള 111 എണ്ണം എൽ.പി. സ്കൂളുകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ പ്രകാരം വിദ്യാ വോളണ്ടിയർമാരുടെ ഓണറേറിയം അയ്യായിരം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ നിലവിലുള്ള വിദ്യാ വോളണ്ടിയർമാരിൽ നിശ്ചിത യോഗ്യതയുള്ളവരെ ലോവർ പ്രൈമറി സ്കൂളായി ഉയർത്തിയവയിൽ തുടരാൻ അനുവദിക്കുന്നതും നിശ്ചിത യോഗ്യതയില്ലാത്തവരെ മറ്റ് അർഹമായ തസ്തികകളിൽ പുനർവിന്യസിക്കുന്നതുമാണ്. എൽ.പി. സ്കൂളുകളായി ഉയർത്തിയ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി

ശ്രീ. സി. കൃഷ്ണൻ: കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി വീണ്ടും സ്ഥലം ഏറ്റെടുക്കുന്നത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കണ്ണൂർ ജില്ലയിലെ ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി സർക്കാർ രണ്ടായിരത്തി അഞ്ഞൂറിലധികം ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകിയതിനുപുറമെ നേവി ബോയ്സ് സ്പോർട്സ് കമ്പനി സ്ഥാപിക്കുന്നതിനുവേണ്ടി 500 ഏക്കർ ഭൂമികൂടി ഏറ്റെടുത്ത് നൽകണമെന്ന് കമാൻഡർ ആവശ്യപ്പെട്ടിരിക്കുകയാണ്. സ്ഥലമേറ്റെടുക്കുന്നതിനെതിരെ ഏഴിമല ഡെവലപ്മെന്റ് കൗൺസിലിന്റെ നിവേദനവും ഇതുസംബന്ധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. പുതുതായി സ്ഥലമേറ്റെടുക്കുമ്പോൾ അക്കാഡമി സ്ഥാപിക്കാൻ വേണ്ടി കുടിയൊഴിപ്പിച്ചവരെ വീണ്ടും ഒഴിപ്പിക്കേണ്ടി വരുമെന്നുള്ളതിനാൽ നേരത്തേ ഏറ്റെടുത്ത് നൽകിയതിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി പ്രസ്തുത കമ്പനി സ്ഥാപിക്കുന്നതിനായി വിനിയോഗിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

## (3) ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എളമരം കരീം: ഓട് വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കളിമണ്ണ് ലഭിക്കാത്തതുമൂലം പരമ്പരാഗത മൺപാത്ര വ്യവസായങ്ങൾ പ്രതിസന്ധി നേരിടുന്നതിനാൽ നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി കളിമണ്ണ് ഖനനത്തിന് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നിർദ്ദേശം കളക്ടർമാർക്ക് ഉടൻതന്നെ നൽകുന്നതാണ്.

## (4) ഇ-ഫയലിംഗ്

ശ്രീ. എം. എ. വാഹീദ്: ധനകാര്യ വകുപ്പിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സംവിധാനംമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ മുഖേന നടപ്പിലാക്കിയ ഇ-

ഓഫീസ് സംവിധാനം 2014 മാർച്ച് മാസത്തിൽ ധനകാര്യ വകുപ്പിൽ ആരംഭിക്കുകയും ഈ സംവിധാനം വഴി 95% ഫയലുകളുടെയും പരിശോധന നടക്കുകയും ചെയ്യുന്നു. നിലവിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാത്ത വകുപ്പുകളിൽനിന്നും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കെത്തുന്ന ഫയലുകളെല്ലാം ഡിജിറ്റൈസ് ചെയ്യുന്നുണ്ട്. 01.01.2015 മുതൽ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളും ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കുന്ന ഫയലുകൾ ഡിജിറ്റൈസ് ചെയ്തിരിക്കണമെന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇ-ഓഫീസ് സംവിധാനം ആരംഭിച്ചതോടുകൂടി ഫയൽ പ്രോസസിംഗിന്റെ വേഗത വർദ്ധിച്ചതിനാൽ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ഓഫീസ് സോഫ്റ്റ്‌വെയറിൽ പൊതുജനങ്ങൾക്കായി ഫയൽ ട്രാക്കിംഗ് സംവിധാനം നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ വികസിപ്പിച്ചു വരുന്നുണ്ട്.

## (5) ലൈസൻസ് പുതുക്കി നൽകൽ

ശ്രീ. കെ. മുരളീധരൻ: കേരളത്തിലെ വിമുക്ത ഭടന്മാർക്ക് സൈന്യത്തിൽനിന്ന് അനുവദിച്ച തോക്കുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് അനുഭാവപൂർവ്വമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രൈവറ്റ് സെക്യൂരിറ്റി ഗാർഡ്സ്, വിമുക്തഭടൻമാർ എന്നിവർക്ക് ജോലി സമ്പാദനത്തിനുള്ള അധിക യോഗ്യതയായി ആയുധ ലൈസൻസ് അനുവദിക്കാൻ പാടില്ലെന്നും വിമുക്തഭടൻമാർക്ക് നിലവിലുള്ള സാധുവായ നിരോധിതമല്ലാത്ത ആയുധ ലൈസൻസുകൾ നിലവിലെ നിയമങ്ങൾക്ക് വിധേയമായി സാധാരണ നടപടിക്രമം അനുസരിച്ച് സ്വയരക്ഷയ്ക്കായി മാത്രം പുതുക്കി നൽകാവുന്നതാണെന്നും സെക്യൂരിറ്റി ജോലിക്കായുള്ള ആയുധ ലൈസൻസുകൾ സ്വയരക്ഷയ്ക്കുള്ള ആയുധ ലൈസൻസുകൾ നിന്ന് വ്യത്യസ്തമായി കാണണമെന്നുമാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ വിമുക്തഭടൻമാരുടെ ആയുധ ലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കണമെന്ന് സംസ്ഥാനത്തെ മുഴുവൻ ലൈസൻസ് അതോറിറ്റികൾക്കും ഉടൻതന്നെ നിർദ്ദേശം നൽകുന്നതാണ്.

## (6) പ്രോ- വൈസ് ചാൻസലർക്ക് നേരെയുണ്ടായ ആക്രമണം

ശ്രീ. വി. ശിവൻകുട്ടി: കേരള സർവ്വകലാശാലാ പ്രോ വൈസ്

ചാൻസലർ ഡോ. വീരമണികണ്ഠന്റെ വീടിന് നേരെയുണ്ടായ ആക്രമണം സംബന്ധിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കേരള സർവ്വകലാശാലാ പ്രോ വൈസ് ചാൻസലർ ഡോ. വീരമണികണ്ഠന്റെ വീട്ടുവളപ്പിൽ അതിക്രമിച്ചുകയറി വീടിനും കാറിനും നാശനഷ്ടമുണ്ടാക്കിയത് സബന്ധിച്ച് അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി ജ്യോത്സനയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി.യിലെ വിവിധ വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത കേസിലും കേരള യൂണിവേഴ്സിറ്റിയിൽ നടത്തിവന്ന സമരത്തിലെ ചില നേതാക്കളുടെ അറിവോടെയാകാം ആക്രമണം നടന്നതെന്ന് കാണിച്ച് ഡോ. വീരമണികണ്ഠൻ സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ പരാതിയിലും അന്വേഷണം നടത്തിവരികയാണ്. എസ്.സി./എസ്.ടി. അട്രോസിറ്റീസ് ആക്ട് പ്രകാരം കേസ്സെടുക്കുന്ന കാര്യവും പരിശോധിക്കും.

## (7) പോലീസ് മർദ്ദനം

ശ്രീ. വി. ശശി: തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം

പഞ്ചായത്തിൽ പുതുവൽ പട്ടികജാതി കോളനിയിലെ അജീഷ് എന്ന യുവാവിന് അകാരണമായി പോലീസ് മർദ്ദനമേറ്റത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിനും അജീഷിന് വിദഗ്ദ്ധചികിത്സയും ധനസഹായവും നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെടുന്ന പുതുവൽ പട്ടികജാതി കോളനിയിലെ എസ്. ആർ. കോട്ടേജിൽ താമസിക്കുന്ന രാജേഷ് കുമാറിന്റെ മോട്ടോർ സൈക്കിൾ 26.11.2014-ന് രാത്രി മോഷ്ടിക്കപ്പെടുകയും രാജേഷ് കുമാറിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കഠിനംകുളം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കേസന്വേഷണത്തിനിടയിൽ അജീഷിനെ 1.12.2014-ന് സ്റ്റേഷനിൽ കൊണ്ടുവന്ന് ചോദ്യംചെയ്തതിൽ നിന്നും പ്രസ്തുത കേസിൽ അജീഷ് ഉൾപ്പെട്ടിട്ടില്ലെന്ന് ബോദ്ധ്യപ്പെടുകയും 2.12.2014-ന് ഉച്ചയ്ക്ക് സ്റ്റേഷനിൽനിന്നും വിട്ടയയ്ക്കുകയും ചെയ്തു. എന്നാൽ അജീഷ് പോലീസ് ദേഹോപദ്രവമേൽപ്പിച്ചു എന്നാരോപിച്ച് 2.12.2014-ന് വൈകിട്ട് നാല്

മണിയോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്ക് പോകുകയും അവിടെ നിന്നും പുത്തൻതോപ്പ് സെന്ററിലേയ്ക്ക് റഫർ ചെയ്യുകയും 3.12.2014-ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അഡ്മിറ്റാകുകയും ചെയ്തു. ആശുപത്രിയിലെ ചികിത്സാ രേഖയിൽ അജീഷിന്റെ കഴുത്തിന് പുറകിൽ തോളിന്റെ ഇടതുഭാഗത്തും വലതുകാലിനും വേദനയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.പി.എം.എസ്. പുതുക്കുറിച്ചി 30-ാം നമ്പർ പുതുവൽ ശാഖാ സെക്രട്ടറി രതീഷ് ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ഏൽപ്പിച്ചിട്ടുണ്ട്. അജീഷിനെ നേരിട്ട് കാണുന്നതിനും ചികിത്സാസഹായം ആവശ്യമുണ്ടെങ്കിൽ പട്ടികജാതി വകുപ്പിൽനിന്ന് നൽകാനും ഗവൺമെന്റ് തയ്യാറാണ്. സംഭവത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി, പോലീസ് കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ നടപടിയെടുക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): ഹരിജനങ്ങളുടെ നേരെ നടക്കുന്ന ആക്രമണത്തെ സംബന്ധിച്ച്

അട്രോസിറ്റീസ് ആക്ട് അനുസരിച്ച് കേസെടുക്കേണ്ടതും അന്വേഷണവിധേയമായി കുറ്റക്കാരായ പോലീസുകാരെ സസ്പെന്റ് ചെയ്യുകയും ചെയ്യണം.

ശ്രീ. രമേശ് ചെന്നിത്തല: പട്ടികജാതിക്കാരായ ആളുകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളെ ആഭ്യന്തരവകുപ്പ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്.

## (8) സ്കൂൾ അടച്ചുപൂട്ടൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടുന്നതിനെതിരെ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ജില്ലയിൽപ്പെടുന്ന പുളിക്കൽ ഗ്രാമപഞ്ചായത്തിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടാൻ 2009 ഏപ്രിൽ 16-ന് മാനേജ്മെന്റ് ഡി.പി.ഐ.-ക്ക് ക്ലോഷർ നോട്ടീസ് നൽകുകയും 2010 മേയ് 20-ന് സ്കൂൾ അടച്ചുപൂട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തു. 2010 ജൂൺ മുതൽ ഡി.പി.ഐ.-യുടെ നിർദ്ദേശപ്രകാരം സ്കൂൾ പ്രവർത്തിച്ചുവരുന്നു. തുടർന്ന് മാനേജ്മെന്റ്

ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ നൽകുകയും ഹൈക്കോടതി ഇടക്കാലവിധി പ്രകാരം സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിടുകയും ചെയ്തു. സർക്കാർ നിലപാട് അറിയിക്കണമെന്ന ഹൈക്കോടതി വിധി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ചില തീരുമാനങ്ങൾ ഹൈക്കോടതിയെ അറിയിച്ചിരുന്നു. അതനുസരിച്ച് രണ്ട് വർഷത്തേയ്ക്ക് സ്കൂൾ സർക്കാർ ഏറ്റെടുക്കുക; മേൽ സൂചിപ്പിച്ച കാലാവധിക്കുശേഷവും സ്കൂൾ തുടർന്ന് നടത്താൻ മാനേജർ തയ്യാറായില്ലെങ്കിൽ സ്കൂൾ സ്ഥിരമായി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കേരള വിദ്യാഭ്യാസ ചട്ടം അനുസരിച്ച് സ്കൂൾ അടച്ചുപൂട്ടാൻ മാനേജർക്ക് അധികാരമുണ്ടെന്നും ഇത് നിഷേധിക്കാൻ സർക്കാരിന് കഴിയില്ലെന്നുമാണ് ഹൈക്കോടതിയുടെ കണ്ടെത്തൽ. ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യവും ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർക്ക് അധികാരം നൽകുന്ന കെ.ഇ.ആർ.-ലെ ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യവും ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭിച്ചതിനുശേഷം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (9) പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരും അനുഭവിക്കുന്ന പ്രതിസന്ധി

ശ്രീ. പി. സി. ജോർജ്: പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരും അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): നാൽപ്പതിനായിരത്തോളം വരുന്ന ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരും അനുഭവിക്കുന്ന പ്രയാസങ്ങൾ വളരെയധികം ഗൗരവത്തോടുകൂടി കാണുന്നു. പാസ്പോർട്ടിന്റെയും ആധാർ കാർഡിന്റെയും നിയന്ത്രണം കേന്ദ്ര ഗവൺമെന്റിലാണ് നിക്ഷിപ്തമായിരിക്കുന്നതെങ്കിലും ഈ കാര്യത്തിൽ ഫോട്ടോഗ്രാഫർമാർക്കുകൂടി പങ്കാളിത്തമുണ്ടാകുന്ന രീതിയിലുള്ള നടപടിയുണ്ടാകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള റേഷൻ കാർഡിന്റെയും ഡ്രൈവിംഗ് ലൈസൻസിന്റെയും കാര്യത്തിൽ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെക്കൂടി ബന്ധപ്പെടുത്തുന്ന രീതിയിലുള്ള നടപടി

സ്വീകരിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ സേവനം ഉപയോഗിക്കുന്ന കാര്യം ഗൗരവമായിത്തന്നെ പരിഗണിക്കുന്നതാണ്. പി.ആർ.ഡി. വകുപ്പ് ഫോട്ടോഗ്രാഫിയെ ആശ്രയിച്ചുമാത്രമേ മുമ്പോട്ടുപോകുകയുള്ളൂ.

## (10) വൈക്കത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

ശ്രീ. കെ. അജിത്ത്: വൈക്കം മഹാദേവ ക്ഷേത്രത്തെ ശബരിമല ഇടത്താവളമായി പ്രഖ്യാപിക്കുന്നതിനും ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനും അവിടെ വരുന്ന തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അവിടെയുണ്ടാകുന്ന മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ഗ്രാന്റ് ഉൾപ്പെടെ അനുവദിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ശബരിമല തീർത്ഥാടന കാലത്ത് ഇടത്താവളമായ വൈക്കം മഹാദേവ ക്ഷേത്രത്തിലും തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ദേവസ്വം ബോർഡ് ഏർപ്പെടുത്താറുണ്ട്. ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമാക്കുന്നതിനും ശബരിമല തീർത്ഥാടകർ എത്തിച്ചേരുന്ന എല്ലാ ഇടത്താവളങ്ങളുടെയും വികസനം

വിഭാവന ചെയ്യുന്ന മാസ്റ്റർ പ്ലാൻ പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുമായി 2000 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ആദ്യഘട്ടമായി 500 കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുമുള്ള ശിപാർശ കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുന്നതാണ്. വൈക്കം ക്ഷേത്രത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കാൻ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

## (11) പോക്കുവരവ് ചെയ്തു നൽകുന്നതിലെ കാലതാമസം

ശ്രീ. സി. മമ്മൂട്ടി: കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന് പോക്കുവരവ് ചെയ്തുകിട്ടാത്തതുമായി ബന്ധപ്പെട്ട് തിരൂർ താലൂക്കിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദാലത്ത് സംഘടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 1966-ലെ പോക്കുവരവ് ചട്ടവും അനുബന്ധ ഉത്തരവുകളും സർക്കുലറുകളും പ്രകാരം മുൻഗണനാ ക്രമത്തിലാണ് പോക്കുവരവ് ചെയ്യുന്നത്. പോക്കുവരവ് അപേക്ഷകൾ നാല് മാസത്തിനുള്ളിൽ തീർപ്പാക്കണമെന്നും അർഹതയുള്ള കേസുകളിൽ കക്ഷി ഹാജരായില്ലെങ്കിലും നിശ്ചിത

കാലാവധിക്ക് ശേഷം പോക്കുവരവ് അനുവദിക്കണമെന്നും പോക്കുവരവ് ഫീസ് ഭൂനികുതിയോടൊപ്പം സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിർത്തി തർക്കം, കോടതി കേസുകൾ, ഭൂമി പണയപ്പെടുത്തിയ കേസുകൾ എന്നിവയിന്മേൽ മറ്റ് ബാധ്യതകൾ ഇല്ലെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് പോക്കുവരവ് അനുവദിക്കുന്നത്. റവന്യൂവുമായും റീ-സർവ്വേയുമായും ബന്ധപ്പെട്ട് നിലനിൽക്കുന്ന പരാതികൾ തീർപ്പാക്കുന്നതിനായി എല്ലാ ജില്ലകളിലും 2015 ജനുവരി മാസത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.

## (12) പട്ടയം നൽകൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: പീരുമേട് താലൂക്കിൽ പട്ടയം ലഭിക്കാത്ത കർഷകർക്ക് അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ കേരളാ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം 14 പേർക്കും സീറോ ലാന്റ്ലെസ് പദ്ധതി പ്രകാരം 720 പേർക്കും കേരളാ ഭൂപരിഷ്കരണ നിയമപ്രകാരം അഞ്ചുപേർക്കും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഒരാൾക്കും

പട്ടയം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ നിലനിൽക്കുന്ന വിവിധങ്ങളായ പട്ടയ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി 15-10-2014-ന് ഇടുക്കി ജില്ലാകളക്ടർ, ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ എന്നിവരുടെ പ്രത്യേക യോഗം വിളിക്കുകയും പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും പട്ടയവിതരണത്തിന് നോഡൽ ഓഫീസർമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പട്ടയ വിതരണവുമായി ബന്ധപ്പെട്ട് പീരുമേട് മേഖലയിൽ നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിനായി ഉന്നതതല യോഗം വിളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

## (13) മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണം പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നവീകരണത്തിനായി 2009-ൽ 525 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും രണ്ട് പ്രാവശ്യം കരാർ

പുതുക്കി നൽകിയിട്ടും പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ 2014-ൽ കരാറുകാരനെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള 274 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. വടക്കാഞ്ചേരി-വാളയാർ ദേശീയപാതയുടെ നിർമ്മാണ കരാറുകാരായ കെ.എൻ.ആർ.സി.-യെ പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവൃത്തി ഏൽപ്പിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (14) കല്ലാർ പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ. കെ. ജയചന്ദ്രൻ: കുമളി-മൂന്നാർ റോഡിലുള്ള കല്ലാർ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്): ഇടുക്കി ജില്ലയിലെ മൂന്നാർ-കുമളി റോഡിലെ കല്ലാർ പാലത്തിന്റെ പുനർനിർമ്മാണത്തിന് 368 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**മേശപ്പുറത്തു വച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**നിയമനിർമ്മാണ കാര്യം**

**താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും**

**(1) 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബി**ൽ

**ക്രമപ്രശ്നം**

**ബില്ലിലെ അപാകത**

ശ്രീ. മാത്യു റ്റി. തോമസ്: നികുതി വർദ്ധിപ്പിക്കാൻവേണ്ടി

നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഏഴ് ഓർഡിനൻസുകൾ സമ്മേളിപ്പിച്ചുകൊണ്ട് ഒറ്റ ബിൽ ആയി അവതരിപ്പിച്ചിരിക്കുകയാണ്. സാമ്പത്തിക വർഷത്തിന്റെ മദ്ധ്യത്തിൽ ഓർഡിനൻസിലൂടെ നികുതി വർദ്ധിപ്പിക്കുന്ന നടപടിക്രമം നിയമനിർമ്മാണ പ്രക്രിയയ്ക്ക് ആശാസ്യകരമല്ല. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകാൻ പാടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഈ ബിൽ അവതരിപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധമായാണ്. സംസ്ഥാനത്തിന് വരുമാന ശോഷണം സംഭവിച്ചിരിക്കുന്നതിനാൽ നികുതി വർദ്ധന നിർദ്ദേശങ്ങളടങ്ങുന്ന ബിൽ കൊണ്ടുവരുന്നുവെന്നാണ് ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ പറഞ്ഞിരിക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തേയ്ക്കുള്ള വരുമാനം കണക്കാക്കുന്നതിൽ ധനകാര്യ വകുപ്പ് പരാജയപ്പെട്ടതിനാലാണ് നികുതി വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിലവിലുള്ള എട്ട് നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ബിൽ അവതരിപ്പിക്കേണ്ട സാഹചര്യമുണ്ടായിരിക്കുന്നത്. പുതിയ നികുതി നിർദ്ദേശങ്ങൾമൂലം ആന്യുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ഉണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് സഭയിൽ ചർച്ച ചെയ്തശേഷമേ ബിൽ

അവതരിപ്പിക്കാൻ പാടുള്ളൂ. ബഡ്ജറ്റ് പാസ്സാക്കിയശേഷം ഓർഡിനൻസിലൂടെ നികുതി വർദ്ധിപ്പിക്കുന്നത് ക്രമവിരുദ്ധമാണ്. അതുകൊണ്ട് ഈ ബില്ലിന് അവതരണാനുമതി നൽകാൻ പാടില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് വ്യക്തത വരുത്തിയ ശേഷമേ ഈ ബിൽ അവതരിപ്പിക്കാൻ പാടുള്ളൂ.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u>: ഓർഡിനൻസ് കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ നികുതി പിരിവിൽ വർദ്ധനവുണ്ടായതിനാൽ സംസ്ഥാനത്ത് അനുഭവപ്പെട്ടിരുന്ന സാമ്പത്തിക ബുദ്ധിമുട്ടിന് പരിഹാരമായിട്ടുണ്ട്. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് പാസ്സാക്കിയശേഷം വരുമാന വർദ്ധനവുണ്ടായാൽ അതുസംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പല കാരണങ്ങളാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വന്നിരിക്കുന്ന സാഹചര്യത്തിലാണ് പുതിയ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഈ ബിൽ സഭയിൽ കൊണ്ടുവന്നിരിക്കുന്നത്. കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ടിൽ 35 ആക്ടുകൾ ഒന്നിച്ച് കൊണ്ടുവന്നിരിക്കുന്നതായ പ്രീസിഡന്റ് ഉണ്ടായിട്ടുണ്ടെന്നതിനാൽ ഇത്

ക്ലബ്ബ് ചെയ്ത് ഒന്നായി അവതരിപ്പിക്കുന്നതിൽ നിയമപരമായി അപാകതകളൊന്നുമില്ല.

## റൂളിംഗ്

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ 21, 22, 23, 24, 26, 29, 30 എന്നീ നമ്പരുകളിലായി ഏഴ് ഓർഡിനൻസുകൾ ഏഴ് വ്യത്യസ്ത നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് വ്യത്യസ്ത തീയതികളിൽ പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമായി 2014- കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ എന്ന പേരിൽ ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്നത് ഭരണഘടനയിലോ നിയമസഭാ നടപടികളിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും പാർലമെന്ററി കീഴ്വഴക്കങ്ങളുടെ ലംഘനവുമാണെന്നാണ് ശ്രീ. മാത്യു.റ്റി.തോമസ് ഉന്നയിച്ച ക്രമപ്രശ്നം. ഇന്ന് അവതരിപ്പിച്ചിട്ടുള്ള ബില്ലിലൂടെ വാർഷിക ധനകാര്യ പ്രക്രിയയിൽ മാറ്റമുണ്ടായിട്ടുള്ളതിനാൽ ബഡ്ജറ്റ് അവതരിപ്പിച്ച ശേഷം നടത്തുന്ന ചർച്ചപോലെ ഒരു ചർച്ച നടത്തിയശേഷം മാത്രമേ ഈ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കാവൂ എന്നതാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം. ശ്രീ. എ.കെ.ബാലൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ ഈ

ബില്ലിന്റെ ഉദ്ദേശ കാരണങ്ങളുടെ വിശദീകരണത്തിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിമൂലമാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും എന്നാൽ സഭയിൽ ഒരു ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നാണ് പറഞ്ഞിട്ടുള്ളതെന്നും ഇതിൽ ഏതാണ് ശരിയെന്ന് വ്യക്തമാക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ചെയർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. 2014-ലെ കേരള മൂല്യവർദ്ധിത നികുതി (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള തോട്ടം-ഭൂമി നികുതി (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള മുദ്രപത്ര (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള മോട്ടോർ വാഹനനികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് എന്നിവ റീപ്ലേസ് ചെയ്യുന്നതിനായിട്ടാണ് 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നത്. ഈ സഭയിൽതന്നെ 2013-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 47-ാം നമ്പർ),

2013-ലെ കോഴിക്കോട് സർവ്വകലാശാലാ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 48-ാം നമ്പർ), 2013-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 49-ാം നമ്പർ) എന്നിവ 2013-ലെ സർവ്വകലാശാലാ നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ എന്ന പേരിലും പ്രസിദ്ധീകരിച്ചു. ഇതിൽനിന്നും രണ്ടോ അതിലധികമോ ഓർഡിനൻസുകൾ ഒരേ ഉദ്ദേശത്തോടുകൂടിയുള്ളതാണെങ്കിൽ അതിനായി ഒരു ബിൽ കൊണ്ടുവരാമെന്ന് കരുതുന്നു. 1976 മാർച്ച് 19-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ജൂൺ-ജൂലൈ മാസങ്ങളിലായി Kerala Tax on Luxuries in hotels and Lodging Houses Ordinance, 1976, Kerala Surcharge on Taxes **(ഭേദഗതി) ഓർഡിനൻസ്,** 1976, Kerala Agriculture Income Tax **(രണ്ടാം ഭേദഗതി) ഓർഡിനൻസ്** 1976, കേരള പൊതു വിൽപ്പന നികുതി (മൂന്നാം ഭേദഗതി) ഓർഡിനൻസ് 1976 എന്നിവ പുറപ്പെടുവിച്ച് അധിക നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ ആവശ്യപ്പെട്ടതുപോലുള്ള ഒരു പൊതുചർച്ച അന്ന് നടത്തിയതായി കാണുന്നില്ല. സംസ്ഥാനത്തിന്റെ അധിക വിഭവ സമാഹരണത്തിനായുള്ള നിയമ ഭേദഗതികളാണ് ഈ നിയമത്തിൽ വന്നിട്ടുള്ളത്. അത്

അവതരിപ്പിക്കുന്നതിന് മുമ്പായി അപ്രകാരം സർക്കാരിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ വയ്ക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നുമില്ല. ബില്ലിന്റെ ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ കേരള സർക്കാർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായിട്ടാണ് കേരള മുദ്രപ്പത്ര ആക്ടിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചതെന്ന് പരാമർശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇത് സംബന്ധിച്ച് നൽകിയ വിശദീകരണം തൃപ്തികരമാണ്. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഓർഡിനൻസുകളെല്ലാം നികുതി ചുമത്തൽ സംബന്ധിച്ചവ ആകയാൽ അതൊരു ബില്ലായി കൊണ്ടുവന്നതിൽ അപാകതയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇതുസംബന്ധിച്ച വിശദീകരണത്തിന്റെയും മേൽപ്പറഞ്ഞ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീ. മാത്യു.റ്റി.തോമസ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ.കെ.ബാലൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അനുമതി നൽകുന്നു.

(2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി)

ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം വോട്ടിനിടണമെന്ന് പ്രതിപക്ഷാംഗങ്ങൾ ആവശ്യപ്പെടുകയുണ്ടായി. ചെയർ റൂളിംഗ് നൽകിയതിനുശേഷം സഭാനടപടി ചട്ടം അനുസരിച്ച് പോൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ഡെപ്യൂട്ടി സ്പീക്കർ റൂൾ ചെയ്യുകയുണ്ടായി. അതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനിരയുടെ മുന്നിൽ വന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): റൂൾസ് ഓഫ് പ്രൊസീഡ്വർ- ലെ റൂൾ 71 പ്രകാരം ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഔദ്യോഗിക ബില്ലാണ്. അതിന് പ്രമേയമില്ല. ഈ ബില്ലിൽ പ്രമേയത്തെക്കുറിച്ച് സൂചിപ്പിക്കാത്തതുകൊണ്ട് വോട്ടിനിടാൻ സാധിക്കില്ല.

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. വി.ഡി. സതീശൻ ഒരു ക്രമപ്രശ്നം പറഞ്ഞിരുന്നു. അത് ഉന്നയിക്കുന്നതിന് അദ്ദേഹത്തിന് അവസരം കൊടുക്കണം.

ശ്രീ. വി. ഡി. സതീശൻ: റൂൾ 303 (3) അനുസരിച്ച് സ്പീക്കർ ഒരു ഡിസിഷൻ എടുത്താൽ അത് ഫൈനലായിരിക്കും.

(ശ്രീ. വി. ഡി. സതീശന് റൂൾ ഉന്നയിക്കാൻ അവസരം നൽകിയതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ചുകൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ച് ചർച്ച അനുവദിക്കില്ല. ശ്രീ വി.ഡി. സതീശൻ ഒരു പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിച്ചിരിക്കുന്നത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: എട്ട് നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ബില്ലാണിത്. 1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിനുള്ള ഭേദഗതികളാണ് ബില്ലിലെ രണ്ടാം വകുപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൂലനിയമത്തിലെ 28 എ 1 അനുസരിച്ച് 5 വർഷം കൂടുമ്പോൾ ആർ.ഡി.ഒ.-യ്ക്ക് ഭൂമിയുടെ ന്യായവില പുനർനിർണ്ണയം നൽകാൻ അധികാരം നൽകുന്നു. ന്യായവില നിർണ്ണയിക്കുന്നതിൽ തർക്കമുള്ളപക്ഷം 28 എ 4 വകുപ്പ് അനുസരിച്ച് കളക്ടർക്ക് അപ്പീൽ അധികാരം നൽകുന്നു. 28 എ 1 ബി

അനുസരിച്ച് ഭൂമിയുടെ ന്യായവിലയിൽ കാലാകാലങ്ങളിൽ നിശ്ചിത ശതമാനം വർദ്ധിപ്പിക്കുവാനുള്ള അധികാരം സർക്കാരിന് നൽകുന്നു. ചില കേസ്സുകളിൽ കളക്ടർ അപ്പീൽ നൽകി തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച ദിവസം കണക്കാക്കി ന്യായവില നിശ്ചയിക്കുകയുണ്ടായി. 28 എ 1 ബി പ്രകാരം വർദ്ധിപ്പിച്ച ന്യായവില വളരെ കൂടിവരുന്നുവെന്ന ആക്ഷേപം ഉയർന്നുവന്നു. ഇത്തരം കേസ്സുകൾ വീണ്ടും പരിശോധിക്കുന്നതിന് 28 എ 5 എന്ന പുതിയ വകുപ്പ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. അണ്ടർ വാല്യുവേഷൻ കേസ്സുകൾ പരിശോധിക്കാൻ കളക്ടർക്ക് നൽകിയിരിക്കുന്ന സമയപരിധി 5 വർഷമായി വർദ്ധിപ്പിക്കുന്നതിന് 45 ബി 3-ൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുണ്ടാക്കുന്ന ഭാഗപത്രം, ഇഷ്ടദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ കരണങ്ങൾക്ക് മുദ്രവില ഒരു ശതമാനം നിരക്കിൽ പരമാവധി 1000 രൂപയായി നിജപ്പെടുത്തിയിരുന്നു. ഈ പരിധി എടുത്തുകളയാൻ തീരുമാനിച്ചിട്ടുണ്ട്. ബില്ലിലെ 3-ാം വകുപ്പ് 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്റ്റിനുള്ള ഭേദഗതിയാണ്. രണ്ട് ഹെക്ടറിൽ കൂടുതൽ തോട്ട ഭൂമിയുള്ളവരിൽനിന്ന് ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ

ഉദ്ദേശിക്കുന്നു. നാലാം വകുപ്പ് 1961-ലെ കേരള ഭൂനികുതി ആക്റ്റിനുള്ള ഭേദഗതികളാണ്. ഓരോ വർഷത്തേയ്ക്കും ഓരോ ആർ ഭൂമിക്കും പഞ്ചായത്ത് പ്രദേശങ്ങളിൽ അഞ്ച് രൂപയായും ടൗൺ പഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ പത്ത് രൂപയായും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഇരുപത് രൂപയായും അടിസ്ഥാന ഭൂനികുതി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അഞ്ചാം വകുപ്പ് 1963-ലെ കേരള പൊതുവിൽപ്പന നികുതി നിയമം ഭേദഗതി ചെയ്യുന്നതിനുള്ളതാണ്. നിലവിലെ മദ്യത്തിന്റെ നികുതി നിരക്ക് 20% വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 6-ാം വകുപ്പ് 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിനുള്ള ഭേദഗതിയാണ്. 15 ലക്ഷത്തിന് മുകളിൽ വിലയുള്ള പുതിയ മോട്ടോർ കാറുകൾക്കും സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾക്കും മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും വാഹന വിലയുടെ 20 ശതമാനമെന്ന നിരക്കിൽ നികുതി വർദ്ധിപ്പിക്കുന്നതിനും 5 വർഷത്തിൽ കൂടുതൽ നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ കൊണ്ടുവരുന്നതിനും ഉദ്ദേശിക്കുന്നു. 7-ാം വകുപ്പ് 1976-ലെ കേരള ടോൾ ആക്റ്റിന്റെ ഭേദഗതിയാണ്.

നിലവിൽ അപ്രോച്ച് റോഡും പാലവും ഉൾപ്പെടെ ഒരു കോടി രൂപ ചെലവുവരുന്ന പാലങ്ങൾക്ക് ടോൾ പിരിക്കാമെന്നുള്ളത് 10 കോടി രൂപയായി ഉയർത്തുന്നു. ബില്ലിലെ 8-ാം വകുപ്പ് 2003-ലെ കേരള മൂല്യ വർദ്ധിത നികുതി നിയമത്തിലെ ഭേദഗതികളാണ്. സിഗററ്റിന്റെ നികുതി 22 ശതമാനത്തിൽനിന്നും 30 ശതമാനം ഉയർത്താനും നിലവിൽ കരാർ<u>ത്തു</u>കയുടെ കോമ്പൗണ്ടിംഗ് നികുതി 6 ശതമാനത്തിൽനിന്നും 7 ശതമാനമായും നാല് ശതമാനത്തിൽനിന്നും 5 ശതമാനമായു 3 ശതമാനം 4 ശതമാനമായും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു. 9-ാം വകുപ്പ് 2008-ലെ കേരള ധനകാര്യ ആക്റ്റിന്റെ ഭേദഗതികളാണ്. ആദായ നികുതിദായകരല്ലാത്ത സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നതിനായി ഒരു ശതമാനം നിരക്കിൽ മദ്യത്തിന് സെസ് ഏർപ്പെടുത്താനും അടച്ചുപൂട്ടുന്ന ബാർ ഹോട്ടലുകളിലെ തൊഴിലാളികളുടെ പുനരധിവാസത്തിന് മദ്യത്തിന് 5% സെസ് ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: I move that " This House resolves to disapprove The Kerala Value Added Tax (Amendment) Ordinance, 2014 (Ordinance No. 21 of 2014)."

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്നതിന്റെ ആവശ്യകത എന്താണെന്ന് ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. മന്ത്രിസഭയുടെ അംഗീകാരത്തിനുമാത്രം വിധേയമായി ഭൂനികുതി, വെള്ളക്കരം, സേവനങ്ങൾക്കുള്ള ഫീസ് തുടങ്ങിയവ വർദ്ധിപ്പിക്കാനുള്ള തീരുമാനം പ്രതിഷേധാർഹമാണ്. നിയമസഭ പാസ്സാക്കിയ ബഡ്ജറ്റിന് യാതൊരു മഹത്വവും കൽപ്പിക്കാതെ എക്സിക്യൂട്ടീവ് ഓർഡറും ഓർഡിനൻസും ഇറക്കി നികുതി വർദ്ധിപ്പിച്ച നടപടി നിയമപരമായി ശരിയാണോയെന്ന് പരിശോധിക്കണം. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാതിരുന്നതും കേന്ദ്ര വിഹിതത്തിൽ വന്ന കുറവുമാണ് ഇന്നത്തെ സ്ഥിതിക്ക് കാരണമെന്നാണ് ഗവൺമെന്റിന്റെ വാദം. നികുതി വർദ്ധനവ് വരുത്തിയിട്ടും വരുമാന വർദ്ധനവ് ഉണ്ടാക്കാൻ കഴിയാത്തതിന്റെ അടിസ്ഥാന കാരണം പരിശോധനാ വിധേയമാക്കണം. പദ്ധതികൾ നടപ്പിലാക്കുന്ന കാര്യത്തിലും ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. വൻകിടകച്ചവടക്കാരിൽനിന്നും നികുതി പിരിച്ചെടുക്കാൻ യാതൊരു നിയമതടസ്സവുമില്ലെന്ന് സി. ആന്റ്

എ.ജി. ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാഷ്ട്രീയ താല്പര്യം സംരക്ഷിക്കുന്നതിനായി മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാനും ചീഫ് വിപ്പിനും ക്യാബിനറ്റ് പദവി നൽകി അധികചെലവ് വരുത്തിയിരിക്കുകയാണ്. സാധാരണക്കാരുടെ മേൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കുകയും വൻകിടകാർക്ക് രക്ഷപ്പെടാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയുമാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്യുന്നത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുള്ള പദ്ധതി-പദ്ധതിയേതര ചെലവുകൾ വർദ്ധിച്ചിട്ടില്ല എന്നത് വസ്തുതയാണ്. ആസ്തി വികസന ഫണ്ട് അനുവദിച്ചുവെങ്കിലും നടപടിക്രമങ്ങളിലെ അശാസ്ത്രീയതമൂലം ചെലവഴിക്കാൻ സാധിക്കുന്നില്ല. ക്ഷേമപെൻഷൻ കുടിശ്ശിക, ശമ്പള പരിഷ്കരണം, കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം തുടങ്ങിയ കാര്യങ്ങളൊന്നും സമയബന്ധിതമായി ചെയ്യാതെ ധനപ്രതിസന്ധി വന്നതെങ്ങനെയെന്ന് ആത്മപരിശോധന നടത്തണം. ട്രഷറികളുടെ നവീകരണ പ്രവർത്തനം അട്ടിമറിക്കുകയും പുതുതലമുറ ബാങ്കുകളെ സഹായിക്കുകയും ചെയ്യുന്ന സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലയിൽ കുറവുണ്ടായിട്ടും പ്രയോജനം ജനങ്ങൾക്ക്

അനുഭവവേദ്യമാകുന്നില്ല. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടും വിപണിയിൽ ഇടപെടുന്നില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുപകരം നിയമസഭയെ അവഹേളിച്ചുകൊണ്ട് ഓർഡിനൻസുകൾ പുറപ്പെടുവിച്ച് ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്.

ശ്രീ. വി. ശശി: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ഭരണഘടനാനുസൃതമായി വാർഷിക ബഡ്ജറ്റും പുതിയ നികുതി നിർദ്ദേശങ്ങളും പാസ്സാക്കി നാല് മാസത്തിനുശേഷം നിയമസഭയെ നോക്കുകുത്തിയാക്കിക്കൊണ്ട് വീണ്ടും 2500 കോടിയിലധികം രൂപയുടെ അധിക നികുതി നിർദ്ദേശങ്ങൾ ഓർഡിനൻസായി പുറപ്പെടുവിച്ചത് ശരിയായ നടപടിയല്ല. സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി മുൻകൂട്ടി മനസ്സിലാക്കാൻ ധനകാര്യ വകുപ്പിന് സാധിച്ചിട്ടില്ല. ജനങ്ങളുടെ മേൽ നികുതി ഭാരം ചുമത്താതെ അധിക വിഭവ സമാഹരണം കണ്ടെത്തുകയാണ് വേണ്ടത്. കേരള മൂല്യവർദ്ധിത നികുതി ആക്റ്റിലെ എട്ടാം ഉപവകുപ്പിൽ വരുത്തിയിരിക്കുന്ന ഭേദഗതി 22.5 ശതമാനം എന്നുള്ളത് 30 ശതമാനമായി വർദ്ധിപ്പിക്കുന്നു എന്നാക്കണം.

ശ്രീ. എം. ഹംസ: I move that -"This House resolves to disapprove The Kerala Land Tax (Amendment) Ordinance, 2014 (Ordinance No. 22 of 2014)". സംസ്ഥാനത്ത് നിലനിൽക്കുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി ഓർഡിനൻസുകൾ പുറപ്പെടുവിച്ചുകൊണ്ട് ജനങ്ങളുടെ മേൽ അമിത ഭാരം ഏൽപ്പിക്കുന്നതിനു പകരം നിയമസഭ വിളിച്ചുകൂട്ടി നിയമം പാസ്സാക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. സംസ്ഥാനത്തുണ്ടായിരിക്കുന്ന സാമ്പത്തിക അടിയന്തരാവസ്ഥയിൽ നിന്നും ജനങ്ങളെ രക്ഷിക്കണം. സമ്പന്നരിൽനിന്നും നികുതി കുടിശ്ശിക പിരിച്ചെടുക്കാതെ പാവങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നതിനായി പുതിയ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരികയാണ് ചെയ്യുന്നത്. കടബാധ്യത വർദ്ധിച്ചിരിക്കുകയാണ്. ക്ഷേമ പദ്ധതി കുടിശ്ശികയോ പെൻഷനുകളോ ഒന്നുതന്നെ നൽകുന്നില്ല. പഞ്ചായത്തുകൾക്കുള്ള പെർഫോമൻസ് ഗ്രാന്റ് എത്രയും വേഗം ലഭ്യമാക്കണം. രജിസ്ട്രേഷന് മുദ്രപ്പത്രത്തിന്റെ നിരക്ക് രണ്ടുശതമാനമായിരുന്നത് പഞ്ചായത്ത് മുനിസിപ്പാലിറ്റി കോർപ്പറേഷൻ വ്യത്യാസമില്ലാതെ 6 ശതമാനമാക്കി ഏകീകരിച്ചു. സാമ്പത്തിക പ്രതിസന്ധിയില്ലെന്ന് പറയുമ്പോഴും കുടിശ്ശികകളൊന്നും യഥാസമയം

നൽകിയിട്ടില്ല. നെല്ല് സംഭരിച്ചതിന്റെ പണം കർഷകർക്ക് കൊടുത്തിട്ടില്ല. കുടിവെള്ളം ലഭ്യമാക്കുന്നതിന് കുളങ്ങൾ പുനരുദ്ധരിക്കുന്നതിനായി പഞ്ചായത്തുകൾക്ക് തുക നൽകിയിട്ടില്ല. വാളയാർ ചെക്ക്പോസ്റ്റിൽ പുതിയ കൗണ്ടറുകൾ തുടങ്ങുമെന്ന് പറഞ്ഞിരുന്നുവെങ്കിലും തുടങ്ങിയിട്ടില്ല.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ബഡ്ജറ്റിലൂടെ ലക്ഷ്യംവച്ച നികുതി പിരിഞ്ഞുകിട്ടാതെ വന്നപ്പോൾ ജനങ്ങളുടെമേൽ അധിക നികുതി അടിച്ചേൽപ്പിക്കുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഭരണ രംഗത്തെ കെടുകാര്യസ്ഥതയുടെ ഭാരം മുഴുവൻ സാധാരണ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുകയാണ്. ചില സാധനങ്ങൾക്ക് ചുമത്തിയിരുന്ന നികുതി നിരക്ക് അഞ്ച് ശതമാനമാക്കി വർദ്ധിപ്പിച്ചിട്ടും സംസ്ഥാനത്തിന്റെ നികുതിയിൽനിന്നുള്ള വരുമാനം പത്ത് ശതമാനത്തിൽ താഴെയാണ്. സർക്കാരിന്റെ പിടിപ്പുകേടും അഴിമതിയും കെടുകാര്യസ്ഥതയുമാണ് സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന കാരണം. പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നില്ല. പദ്ധതി ചെലവുകളും നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിക്കുകയും മറ്റ് ചെലവുകൾ വർദ്ധിക്കുകയും

ചെയ്യുന്ന അവസ്ഥാവിശേഷം സംസ്ഥാനത്ത് നിലനില്ക്കുന്നു. ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും പിടിപ്പുകേടിന്റെയും പാപഭാരം നികുതിദായകരുടെ തലയിൽ വച്ചുകൊടുക്കാനുള്ള നിർദ്ദേശങ്ങളടങ്ങിയ ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ പിന്തുണയ്ക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക്: I move that " This House resolves to disapprove The Kerala Plantation Tax (Amendment) Ordinance, 2014 (Ordinance No. 23 of 2014)." റബ്ബർ വില താഴുകയും തേയിലത്തോട്ടങ്ങൾ പ്രതിസന്ധി നേരിടുകയും ചെയ്യുമ്പോൾ 100 കോടി രൂപ കൃഷിക്കാരിൽ നിന്നും അധികമായി ഈടാക്കാനുള്ള തീരുമാനം തീർത്തും പരിതാപകരമാണ്. ഈ ബില്ലിലൂടെ പ്ലാന്റേഷൻ ഭൂനികുതിയിൽ നിന്നും അഗ്രികൾച്ചർ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കിയിരുന്ന അടയ്ക്ക, നാളികേര കർഷകരെ പുന:സ്ഥാപിക്കുകയും കാർഷിക മേഖലയ്ക്ക് കൊടുത്തിരുന്ന ഇളവുകൾ പിൻവലിക്കപ്പെടുകയുമാണ് ചെയ്തിരിക്കുന്നത്. നികുതിയുടെ എക്സംപ്ഷൻ റേറ്റ് താഴ്ത്തുകയും നികുതി നിരക്ക് ഉയർത്തുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ സാമ്പത്തിക പ്രതിസന്ധി ഇല്ലെന്ന

സർക്കാരിന്റെ അവകാശവാദം വെറും പ്രഹസനമാണ്. റവന്യൂ കമ്മിയുടെ തോത് ഓരോ വർഷവും കൂടിവരികയാണ്. ഈ ട്രെന്റ് തുടർന്നാൽ ട്രഷറി പൂട്ടിയിടേണ്ടി വരും. ചരിത്രത്തിലില്ലാത്ത വിധത്തിലുള്ള നികുതി വർദ്ധനയാണ് ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്നത്. കാർഷിക മേഖലയിലെ നികുതിയും മോട്ടോർ വാഹന നികുതിയും വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണം. കഴിഞ്ഞ വർഷം ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്ന നികുതി വരുമാനം ലഭിച്ചിട്ടില്ല. ടാക്സ് അഡ്മിനിസ്ട്രേഷന്റെ പോരായ്മമൂലമാണ് നികുതി വരുമാനത്തിൽ കുറവുണ്ടായിരിക്കുന്നത്. ഇൻഫർമേഷൻ സിസ്റ്റം അപ്ഗ്രേഡ് ചെയ്ത് നികുതി വെട്ടിപ്പ് കണ്ടുപിടിക്കണം. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനുപകരം നിയമസഭയെ നോക്കുകുത്തിയാക്കിക്കൊണ്ട് നിയമനിർമ്മാണം നടത്തുന്നത് അധാർമ്മികമാണ്. ഏഴ് ഓർഡിനൻസുകൾവഴി കൊണ്ടുവന്ന നികുതി നിർദ്ദേശങ്ങളിലൂടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനാവശ്യമായ നികുതി

വരുമാനമുണ്ടാക്കാൻ കഴിയുമോയെന്ന് ആലോചിക്കണം. പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന തോട്ടം മേഖലയിൽ നൂറ് ശതമാനം നികുതി വർദ്ധനവാണുണ്ടായിരിക്കുന്നത്. കാർഷികാദായ നികുതി ഒഴിവാക്കു മെന്ന പ്രകടനപത്രികയിലെ വാഗ്ദാനം പ്രാവർത്തികമാക്കുന്നില്ലെന്ന് മാത്രമല്ല, കർഷകരെ വഞ്ചിക്കുന്ന നിലപാടുകളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. തോട്ടം മേഖലയിലെ തൊഴിലാളികളു ൾപ്പെടെയുള്ളവരെ രക്ഷിക്കുന്നതിന് ഇവിടെ കൊണ്ടുവന്നിരിക്കുന്ന നികുതി നിർദ്ദേശം പിൻവലിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: I move that- “ This House resolves to disapprove The Kerala Taxation Laws (Amendment) Ordinance, 2014 (Ordinance No. 24 of 2014)” . ജനങ്ങളുടെമേൽ അധിക നികുതി ചുമത്തി സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കാത്തതിന്റെ ഫലമായി സംസ്ഥാനത്തെ തോട്ടം മേഖല ഗുരുതര പ്രതിസന്ധി നേരിടുകയാണ്. തോട്ടങ്ങൾ അടച്ചുപൂട്ടുന്നതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ടവർ ആത്മഹത്യയുടെ വക്കിലാണ്. ഉത്പാദനത്തിലും വിലയിലും സംഭവിച്ചിട്ടുള്ള കുറവ് റബ്ബർ

കർഷകരെ ഗുരുതരമായി ബാധിച്ചിരിക്കുന്നു. കുത്തക മുതലാളിമാരിൽനിന്നും ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ ശ്രമിക്കാതെ മദ്യത്തിന്റെ നികുതിയിൽ ഗണ്യമായ വർദ്ധനവാണ് സർക്കാർ വരുത്തിയിരിക്കുന്നത്. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളും സ്തംഭനാവസ്ഥയിലാണ്. ജനജീവിതം ദുസ്സഹമാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നു മുണ്ടാകുന്നത്. കരാറുകാരുടെ കുടിശ്ശിക, ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പെൻഷൻ, ജീവനക്കാരുടെ ശമ്പളം എന്നിവ കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. സംസ്ഥാനത്ത് നിയമന സ്തംഭനം നിലനിൽക്കുമ്പോൾ അനാവശ്യ തസ്തികകൾ സൃഷ്ടിച്ച് പിൻവാതിൽ നിയമനം നടത്തുകയാണ്. അർഹതയില്ലാത്തവർക്ക് ആനുകൂല്യം ലഭ്യമാകുന്ന സ്ഥിതിവിശേഷമാണ് ഈ ബില്ലിലൂടെ വരാൻപോകുന്നത്. വെള്ളക്കരം, വൈദ്യുതിചാർജ്, ബസ്ച്ചാർജ് എന്നിവയുടെ വർദ്ധനവ് ഒന്നും ഈ ബില്ലിൽ പരാമർശിക്കുന്നില്ല. ജനങ്ങളുടെ മേൽ അധികനികുതിഭാരം അടിച്ചേൽപ്പിച്ചുകൊണ്ടുള്ള ഈ സർക്കാരിന്റെ ഭരണം സ്തംഭനാവസ്ഥയിലാണ്. കാർഷികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കുന്നതിൽ നിന്നും

സർക്കാർ പിൻമാറണം.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖലയെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിന് ഈ സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. അധിക നികുതിഭാരം പിൻവലിച്ച് കാർഷിക മേഖലയെ സംരക്ഷിക്കാൻ സർക്കാർ തയ്യാറാകണം. ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതും ഉൽപ്പാദനത്തിന് ആവശ്യമായ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതും കർഷകരുടെ ദുരവസ്ഥയ്ക്ക് കാരണമാവുകയാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: I move that "This House resolves to disapprove The Kerala Tolls (Amendment) Ordinance, 2014 (Ordinance No.26 of 2014)".

ടോൾ പിരിവുമായി ബന്ധപ്പെട്ട ഒരു ഓർഡിനൻസാണിത്. അഞ്ച് കോടി രൂപ വരെ ചെലവ് വരുന്ന പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ടോൾ ഏർപ്പെടുത്താനായി തീരുമാനിച്ചിരുന്നതെങ്കിലും ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഓർഡിനൻസിലൂടെ അത് പത്ത് കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്.

സ്ഥലമേറ്റെടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കാണ് തുക വർദ്ധിപ്പിച്ചതെങ്കിലും സ്ഥലത്തിന്റെ വിലവച്ച് താരതമ്യം ചെയ്യുമ്പോൾ ഇത് അപര്യാപ്തമായതിനാൽ തുക ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. സാമ്പത്തിക പ്രതിസന്ധിമൂലം സ്തംഭനാവസ്ഥ യിലായിത്തീർന്ന നിർമ്മാണമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും നിലവിലുള്ള പാലങ്ങളുടെ സ്ഥിതി പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കണം. കരാറുകാർക്ക് കൊടുക്കാനുള്ള കുടിശ്ശിക നൽകുന്നതിൽ ഗവൺമെന്റ് വീഴ്ച വരുത്തിയിരിക്കുകയാണ്. കുടിവെള്ള പദ്ധതികൾപോലും നടപ്പിലാക്കാൻ കഴിയാത്ത രീതിയിൽ കേരളം സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. വികസനം മുരടിക്കുകയും ആശ്വാസ പദ്ധതികൾ ഇല്ലാതാകുകയും പൊതുകടം വർദ്ധിക്കുകയും ക്ഷേമപ്രവർത്തനങ്ങൾ നിർത്തലാക്കുകയും ചെയ്തിരിക്കുകയാണ്. എമർജിംഗ് കേരള പദ്ധതിക്കുവേണ്ടി നീക്കിവച്ച പണം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. നികുതി പിരിവിൽ സർക്കാർ വൻവീഴ്ചയാണ് വരുത്തിയിട്ടുള്ളത്. അധികാരവും സമ്പത്തും ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്തവിധത്തിൽ ത്രിതല പഞ്ചായത്തുകളെ കേവലം നോക്കുകുത്തികളാക്കി മാറ്റി. വിവിധ ക്ഷേമപെൻഷനുകൾ

നൽകുന്നതിൽ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. മദ്യലോബികൾക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും ഭരിക്കുന്നവരുടെ താൽപ്പര്യം സംരക്ഷിക്കാൻ നിയമത്തെ ഉപയോഗിക്കുകയുമാണ് ചെയ്യുന്നത്. അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവും സർക്കാരിന്റെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. മാസങ്ങളായി പെൻഷൻ ലഭിക്കാതെ കഷ്ടപ്പെടുന്ന കെ.എസ്.ആർ.ടി.സി. ജീവനക്കാരെ സഹായിക്കാൻ യാതൊരു നിലപാടും സ്വീകരിക്കുന്നില്ല. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ ലംഘിച്ചതുമായ തോട്ടമുടമകളിൽനിന്ന് ഭൂമി തിരിച്ചുപിടിച്ച് പട്ടികജാതി/പട്ടികവർഗ്ഗ, ആദിവാസി സമൂഹമുൾപ്പെടെയുള്ള ഭൂരഹിതർക്ക് വിതരണം ചെയ്യാൻ തയ്യാറാകണം. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ആത്മാഭിമാനത്തിനും അന്തസ്സിനും കോട്ടം തട്ടുന്ന രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കുന്നതും അവരോട് അനീതിയും അസമത്വവും വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ നടത്തുന്നതും അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അധിക നികുതി ഭാരം അടിച്ചേൽപ്പിച്ച് ജനങ്ങളെ കൂടുതൽ ദുരിതത്തിലാക്കാനുള്ള തീരുമാനത്തിൽനിന്ന് പിന്തിരിയാൻ സർക്കാർ തയ്യാറാകണം.

ശ്രീ. ജോസ് തെറ്റയിൽ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ടോൾ ചുമത്തുന്നതിനുള്ള നിർമ്മാണച്ചെലവിന്റെ പരിധി പത്തുകോടി രൂപയാക്കി ഉയർത്തുവാൻ നിശ്ചയിച്ചിട്ടുള്ള ഭേദഗതിയാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ ഭേദഗതിയുടെ ആവശ്യമുണ്ടോയെന്ന് സർക്കാർ ആലോചിക്കണം. കാലാകാലങ്ങളിൽ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കുന്നതിനുപകരം ഇന്ത്യൻ ടോൾ ആക്ട് അനുസരിച്ചുള്ള ഭേദഗതി വരുത്തുകയെന്നതാണ് പ്രതിസന്ധി തരണം ചെയ്യാനുള്ള പരിഹാര മാർഗ്ഗം. ടോൾ പിരിവ് സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾക്ക് ദീർഘവീക്ഷണ ത്തോടുകൂടിയുള്ള പരിഹാര മാർഗ്ഗങ്ങൾ കാണേണ്ടതുണ്ട്. അടിസ്ഥാന വ്യവസ്ഥകൾ പാലിക്കാതെ ടോൾ പിരിവ് ഏർപ്പെടുത്തുന്ന നടപടി നിർഭാഗ്യകരമാണ്. നികുതി ചുമത്തുന്നത് സംബന്ധിച്ച് കൂടിയാലോചിച്ചശേഷം ഒരു പുതിയ ബിൽ കൊണ്ടുവരണം.

ശ്രീ. ജെയിംസ് മാത്യു: I move that - " This House resolves to disapprove The Kerala Stamp (Amendment) Ordinance, 2014 (Ordinance No. 29 of 2014)." ഓർഡിനൻസിലൂടെ വിവിധ മേഖലകളിലായി നികുതി വർദ്ധിപ്പിച്ചതിന് യുക്തിസഹമായ കാരണം

ബോധിപ്പിക്കാൻ സർക്കാരിന് കഴിയുന്നില്ല. ഫെയർ വാല്യൂ ഇരട്ടിയാക്കിയതിനുശേഷം കേരളത്തിൽ ഭൂവില വർദ്ധിച്ചിട്ടില്ലെന്നു മാത്രമല്ല ക്രയവിക്രയവും നടക്കുന്നില്ല. പരമ്പരാഗത വ്യവസായ മേഖലയുടെ നിലനിൽപ്പിനായി പ്രഖ്യാപിച്ച ഇൻകം സപ്പോർട്ട് സ്കീം, ആശാവർക്കർമാർക്കുള്ള വേതന വർദ്ധനവ് എന്നിവയ്ക്കായി തുക അനുവദിക്കാത്ത നടപടി ഖേദകരമാണ്. വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും നടപ്പാക്കാതെ ജനങ്ങളുടെ മേൽ നികുതി ഭാരം അടിച്ചേൽപ്പിക്കുന്ന നടപടിയെ ശക്തമായി എതിർക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനം വൻ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. പുതിയ നികുതി നിരക്ക് ചുമത്തി ജനജീവിതം ദുസ്സഹമാക്കിയിരിക്കുകയാണ്. നികുതി ചോർച്ചയുടെ കാരണങ്ങൾ കണ്ടെത്താതെയാണ് അധിക നികുതി ഏർപ്പെടുത്തുന്നത്. വെള്ളക്കരം വർദ്ധിപ്പിച്ചതിനു പിന്നാലെ സർക്കാർ സേവനങ്ങളുടെ ഫീസിലും വർദ്ധനവ് വരുത്തിയിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി നികുതി വർദ്ധിപ്പിക്കുന്നതിനു പകരം നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടിയാണ് സ്വീകരിക്കേണ്ടത്. നികുതി

വരുമാനം കുറയുന്നതിന്റെ കാരണം അന്വേഷിക്കണം. സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളുടെ ധന ഇടപാടുകൾ വാണിജ്യ ബാങ്കുകളിലൂടെയാക്കാനും സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്കുകൾ വഴി നൽകാനും തീരുമാനിച്ചതിലൂടെ ട്രഷറി സേവിംഗ്സ് ബാങ്കിനെ നശിപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. മൊത്തം വിൽപ്പനയുടെ രണ്ട് ശതമാനം നികുതി നൽകണമെന്ന പുതിയ വ്യവസ്ഥയെ തുടർന്ന് വസ്ത്ര വ്യാപാരികൾ സംസ്ഥാനത്തുനിന്ന് ഒഴിഞ്ഞുപോകുകയാണ്. ഓൺലൈൻ വ്യാപാരത്തെ നിയന്ത്രിക്കാനും നികുതി ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: I move that- "This House resolves to disapprove The Kerala Motor Vehicles Taxation (Amendment) Ordinanace, 2014 (Ordinance No. 30 of 2014)." കേരളം വികസന സ്തംഭനത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് വരുമാന വർദ്ധനവിനായി നികുതി നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഓർഡിനൻസുകൾ പുറപ്പെടുവിച്ചിരിക്കുന്നത്. റവന്യൂ കമ്മി നികത്തുന്നതിനുവേണ്ടിയെടുത്ത കടം മൂലധന നിക്ഷേപമാക്കാതെ റവന്യൂ

ചെലവുകൾക്കായി ഉപയോഗിച്ചത് സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിച്ചു. റവന്യൂ വരുമാനം കുറഞ്ഞതും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിനേക്കാൾ കൂടുതൽ പദ്ധതികൾ പ്രഖ്യാപിച്ചതും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കി. വരുമാനം കണ്ടെത്തുന്നതിലും വരവിനനുസരിച്ച് ചെലവ് ചെയ്യുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടതുകൊണ്ടാണ് പുതിയ നികുതി കണ്ടെത്തേണ്ട സാഹചര്യമുണ്ടായത്. സമ്പദ് വ്യവസ്ഥയെ ചിട്ടയായി നയിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പരോക്ഷ നികുതി വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് കരകയറ്റാൻ കഴിയില്ല. നികുതി ചോർച്ച തടയുകയും അഴിമതി ഇല്ലാതാക്കുകയും സ്റ്റേ ഒഴിവാക്കുകയും നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ പരോക്ഷ നികുതി വർദ്ധനവ് ഇല്ലാതാക്കാൻ കഴിയുകയുള്ളൂ.

ശ്രീ. രാജു എബ്രഹാം: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലകപ്പെട്ടിരിക്കുകയാണ്. ക്ഷേമ പെൻഷനുകൾ നൽകുന്നില്ല. നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലാണ്. മദ്യത്തിൽ നിന്നുള്ള വരുമാനം കുറഞ്ഞതുകൊണ്ടാണ് അധിക നികുതി ഏർപ്പെടുത്തുന്നത് എന്നുള്ള വാദം ശരിയല്ല. കുടുംബാംഗങ്ങൾ തമ്മിലുള്ള

വസ്തുക്രയവിക്രയത്തിന്റെ കാര്യത്തിലും സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനവ് വരുത്തിയിരിക്കുകയാണ്. വൻകിട മുതലാളിമാർക്ക് നികുതി ഇളവ് കൊടുക്കുന്നത് അവസാനിപ്പിക്കാനും നികുതി കുടിശ്ശിക പിരിച്ചെടുക്കാനും നടപടിയുണ്ടാകണം. ക്ലബ്ബുകളുടെയും മറ്റും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കണം. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങളിലേയ്ക്ക് മാറ്റണം. അധിക നികുതി ഏർപ്പെടുത്താതെ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് അടിയന്തര പ്രാധാന്യമുള്ള കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കണം.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 20 ലക്ഷത്തിന് മുകളിൽ വിലയുള്ള കാറുകൾ, സിഗരറ്റ്, മദ്യം എന്നിവയ്ക്കും 15000 ലിറ്ററിന് മുകളിൽ വെള്ളം ഉപയോഗിക്കുന്നവർക്കും രണ്ട് ഹെക്ടറിന് മുകളിൽ ഭൂമിയുള്ളവർക്കുമുള്ള നികുതി വർദ്ധിപ്പിക്കുന്നതുമൂലം സാധാരണക്കാർക്ക് അധിക നികുതിഭാരം ഉണ്ടാകുന്നില്ല. പുതിയ ആർട്സ് & സയൻസ്

കോളേജുകളും മെഡിക്കൽ കോളേജുകളും ഗവൺമെന്റ് മേഖലയിൽ ആരംഭിച്ചതും ക്യാൻസറിന് സൗജന്യ ചികിത്സ ഏർപ്പെടുത്തിയതും ജനറിക് മെഡിസിൻ സൗജന്യമാക്കിയതും സാധാരണക്കാരെ സഹായിക്കുന്നതിനുവേണ്ടിയാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി റബ്ബറിനും മറ്റ് നാണ്യവിളകൾക്കും വിലത്തകർച്ച ഉണ്ടാകുകയും നമ്മുടെ പർച്ചേസിംഗ് പവർ കുറയുകയും ചെയ്തതിന്റെ ഫലമായി എല്ലാ മേഖലകളെയും ബാധിക്കുകയും നികുതി വരുമാനത്തിൽ കുറവുണ്ടാകുകയും ചെയ്യുന്നത് സ്വാഭാവികമാണ്. റബ്ബർ വിലയെ ആശ്രയിച്ചാണ് കേരളത്തിന്റെ സമ്പദ്ഘടന നിലകൊള്ളുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 വർഷം കൊണ്ട് 26,000 കോടി രൂപയുടെ കടമാണ് വർദ്ധിച്ചിട്ടുള്ളത്. വിജിലൻസ് അന്വേഷണത്തിലെ ക്വിക്ക് വെരിഫിക്കേഷൻ റിപ്പോർട്ടിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു വർഷത്തിൽ കൂടുതൽ സമയമെടുത്തു. ബാറുകൾ അടച്ചതിൽ അഭിമാനം കൊള്ളുന്നതല്ലാതെ ബാറുകാർക്കുവേണ്ടി വാദിക്കുന്നവരല്ല ഈ ഗവൺമെന്റ്. ബാറുകാർക്കുവേണ്ടി തൊഴിലാളികളുടെ പേരിൽ വാദിക്കുന്നവരാണ് പ്രതിപക്ഷം.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: 2014-ലെ കേരള നികുതി ചുമത്തൽ

നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കു കാരണമായി യുക്തിരഹിതമായ വാദഗതികളാണ് ഭരണപക്ഷം ഉന്നയിക്കുന്നത്. റബ്ബറിന്റെ വിലയിടിവ് ഖജനാവിനെ ബാധിച്ചുവെന്ന് ഇവിടെ പറയുകയുണ്ടായി. ആഗോള വിപണിയുമായി മത്സരിക്കാൻ സാധിക്കാത്ത വിധത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ പടുകുഴിയിലേയ്ക്ക് തള്ളിയത് ഈ ഗവൺമെന്റാണ്. ഐക്യകേരള രൂപീകരണത്തിനുശേഷം ഇന്നേവരെ രണ്ട് ബഡ്ജറ്റുകൾക്കിടയിൽ ഇത്ര വലിയ നികുതിഭാരം ജനങ്ങളെ അടിച്ചേൽപ്പിച്ച പ്രത്യേകമായ ഒരു ബില്ലോ ഓർഡിനൻസോ ഉണ്ടായിട്ടില്ല. ഒരു ഗവൺമെന്റിന്റെ സാമ്പത്തിക നയപ്രഖ്യാപനമാണ് ബഡ്ജറ്റ്. അതിലാണ് ഗവൺമെന്റിന്റെ സാമ്പത്തിക ആസൂത്രണം കുടികൊള്ളുന്നത്. ഒരു ഗവൺമെന്റ് എത്രമാത്രം ധനകാര്യ മാനേജ്മെന്റ് തകർത്തുതരിപ്പണമാക്കി എന്നുള്ളതിന്റെ ഉദാഹരണമാണ് ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ്. ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ മെഡിക്കൽ കോളേജുകൾ, സീപ്ലെയിൻ, താലൂക്കുകൾ, മോണോറെയിൽ, ആകാശഗംഗ, മിഷൻ 676 തുടങ്ങിയ വാഗ്ദാനങ്ങളുടെ

കോലാഹലമായിരുന്നുവെങ്കിലും ഒന്നുംതന്നെ നടപ്പിലാക്കിയില്ല. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയില്ലെന്ന് പറയുകയും ബില്ലിന്റെ പല ഭാഗങ്ങളിലും സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പറയുകയും ചെയ്യുന്നത് വിരോധാഭാസമാണ്. കരാറുകാരുടെ കുടിശ്ശിക തീർക്കുന്നതിനും പ്രഖ്യാപിത മെഡിക്കൽ കോളേജുകളും താലൂക്കുകളും പ്ലസ്ടു കോഴ്സുകളും ആരംഭിക്കുന്നതിനും കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ സ്കീമും സർക്കാർ ജീവനക്കാരുടെ ശമ്പളവും പരിഷ്കരിക്കുന്നതിനും ബഡ്ജറ്റിൽ പ്രഖ്യാപിച്ച മുൻഗണനാ പ്രവൃത്തികൾ നടപ്പാക്കുന്നതിനും ആദിവാസികൾക്ക് ഭൂമി സൗജന്യമായി നൽകുന്നതിനും കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിനുമായി 30,000 കോടിയിലധികം രൂപ ആവശ്യമായി വരും. ധൂർത്തും കെടുകാര്യസ്ഥതയും അഴിമതിയും ബഡ്ജറ്റിനെ മറികടന്നുള്ള ചെലവുചെയ്യലും നികുതി പിരിച്ചെടുക്കുന്നതിലുള്ള കാലതാമസവുമാണ് സാമ്പത്തിക പ്രതിസന്ധിയുണ്ടായതിന് കാരണം. ഈ സർക്കാർ ബഡ്ജറ്റിലെ പദ്ധതികൾ നടപ്പാക്കാനുള്ള ആസൂത്രണവും താൽപ്പര്യവും കാണിക്കാതെ ബഡ്ജറ്റിനെ മറികടന്ന് വിവേചനത്തോടെ പദ്ധതികൾ

നടപ്പാക്കുകയാണ്. വിൽപ്പന നികുതിയുടെയും വാറ്റ് നികുതിയുടെയും മൂന്നിലൊന്നുപോലും പിരിച്ചെടുക്കാതെ ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്ന നിർദ്ദേശങ്ങളടങ്ങിയ ഈ ബിൽ അംഗീകരിക്കാൻ സാധിക്കുന്നതല്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നല്ല നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്. നവംബർ-ഡിസംബർ മാസത്തോടെ ട്രഷറി നിയന്ത്രണങ്ങൾ പൂർണ്ണമായും നീക്കുകയും ചെലവുകൾ നിയന്ത്രിക്കുകയുംകൂടി ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഭദ്രമാകും. റബ്ബറിന്റെ വില 27 ശതമാനം കുറഞ്ഞതും വാഹന വിൽപ്പന കുറഞ്ഞതും ഇന്ധന വിലയിലുണ്ടായ കുറവും ബിറ്റുമിന്റെയും ഫർണസ് ഓയിലിന്റെയും വിൽപ്പന കുറഞ്ഞതും ബാർ ഹോട്ടലുകൾ പൂട്ടിയതും അരി, ഗോതമ്പ്, മൈദ, ആട്ട എന്നിവയുടെ നികുതി പൂർണ്ണമായി ഒഴിവാക്കിയതും വരുമാനം കുറയാൻ ഇടയാക്കിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2006-10-ൽ വെയ്സ് ആന്റ് മീൻസ് 381 ദിവസവും ഓവർ ഡ്രാഫ്റ്റ് 108 ദിവസവുമായിരുന്നെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി വെയ്സ്

ആന്റ് മീൻസ് 7 ദിവസവും ഓവർ ഡ്രാഫ്റ്റ് 4 ദിവസവുമാണ് വന്നിട്ടുള്ളത്. പുതിയ അഞ്ച് മെഡിക്കൽ കോളേജുകളും പന്ത്രണ്ട് താലൂക്കുകളും ആരംഭിച്ചതും വികസന പദ്ധതികൾ നടപ്പിലാക്കിയതും ആഗോള മാന്ദ്യവും റവന്യൂ കമ്മി വർദ്ധിക്കാനിടയാക്കി. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയ്ക്കുപുറമേ ആവശ്യമായി വരുന്ന തുക അഡീഷണൽ ആതറൈസേഷനിലൂടെ അനുവദിക്കുന്നതാണ്. ആശാ വർക്കേഴ്സിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച മുഴുവൻ തുകയും നൽകുന്നതാണ്. ആംനെസ്റ്റി സ്കീമിന്റെ കാലാവധി ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. നികുതി അടയ്ക്കുന്നതിനുള്ള കാലപരിധിയിൽ ഇളവ് പരിമിതമാക്കിയിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയുടെ 69 ശതമാനം എൽ.എസ്.ജി.ഡി.-ക്ക് അനുവദിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ എലിജിബിലിറ്റി അനുസരിച്ച് വേൾഡ് ബാങ്ക്, ബഡ്ജറ്റ് എന്നിവ മുഖേനയാണ് പഞ്ചായത്തുകൾക്ക് ഗ്രാന്റ് നൽകിക്കൊണ്ടിരിക്കുന്നത്. സി ആന്റ് എ.ജി. റിപ്പോർട്ടിൽ പ്രതിപാദിച്ച അധിക നികുതി വരുമാന ചോർച്ച ശരിയല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. സി ആന്റ് എ.ജി.യുടെ നിർദ്ദേശങ്ങൾ

പരിശോധിക്കുകയും അവ പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. കമ്പ്യൂട്ടർ അപ്ഗ്രേഡ് ചെയ്യാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്കിന്റെ അടിസ്ഥാനത്തിൽ കടമെടുക്കുന്നതിനുള്ള പരിധി 14,000 കോടി രൂപയാണെങ്കിലും ഇതുവരെ 9,400 കോടി രൂപ മാത്രമേ കടമെടുത്തിട്ടുള്ളൂ. റിസർവ് ഫണ്ട് ഉള്ളതിനാൽ സാമ്പത്തിക രംഗത്ത് സ്തംഭനം ഉണ്ടാകുകയില്ല. ആഗോള മാന്ദ്യത്തിന്റെ ഫലമായി നികുതി വരുമാനത്തിൽ കുറവുണ്ടായെങ്കിലും ഈ സർക്കാർ നികുതി വരുമാനം പരിരക്ഷിച്ചിട്ടുണ്ട്. പുതിയതായി ഏർപ്പെടുത്തിയ അധിക നികുതികൾ പാവപ്പെട്ടവരെ ബാധിക്കുകയില്ല. പ്ലാന്റേഷൻ ടാക്സ്, ബേസിക് ടാക്സ് എന്നിവയിൽ നേരിയ വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. സ്റ്റേ വെക്കേറ്റ് ചെയ്ത് നികുതി പിരിവ് ഊർജ്ജിപ്പെടുത്തിയതോടൊപ്പം ജില്ലകൾതോറും മന്ത്രിമാരും മാസംതോറും ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഇത് മോണിറ്റർ ചെയ്യുന്നുണ്ട്. പുതിയ നികുതി വർദ്ധനവിലൂടെ 2014-15-ൽ ഏകദേശം 675 കോടി രൂപയും വർഷംതോറും 2000 കോടി രൂപയും ലഭിക്കുമെന്നാണ്

പ്രതീക്ഷിക്കുന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി, സർവ്വശ്രീ എം. ഹം.സ, മുല്ലക്കര രത്നാകരൻ, കെ. രാധാകൃഷ്ണൻ, ജെയിംസ് മാത്യു, ഡോ. ടി. എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച നിരാകരണ പ്രമേയങ്ങൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്): 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്): 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്):

സംസ്ഥാന/ജില്ല/ താലൂക്ക് ലൈബ്രറി കൗൺസിലുകളിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തണമെന്ന സർക്കാർ ഉത്തരവ് ഇതിനായുള്ള നിയമത്തിന്റെ അഭാവത്താൽ നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ലൈബ്രറി കൗൺസിലുകളുടെ സർവ്വീസുകൾ സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമല്ല. ഭരണഘടനയനുസരിച്ച് ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലൈബ്രറി കൗൺസിലുകളെ സംബന്ധിക്കുന്ന കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം അധികാരപ്പെടുത്തുന്ന നിയമത്തിനു കീഴിൽ മാത്രമേ ലൈബ്രറി കൗൺസിലുകളിലെ നിയമനങ്ങളും സേവനവ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തി സർക്കാരിന് ചട്ടങ്ങളുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് പ്രസ്തുത ആവശ്യത്തിനായി പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചത്. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതുകൊണ്ടും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടതിനാലും 2014 -ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ

ചുമതലകൾ) ഓർഡിനൻസ് 2014 ജൂലൈ 20-ന് ഗവർണ്ണർ വിളംബരപ്പെടുത്തിയതിനെത്തുടർന്ന് കേരള അസാധാരണ ഗസറ്റിൽ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ഓർഡിനൻസിന് പകരമുള്ള ബിൽ സഭയുടെ പരിഗണനയ്ക്കായി അവതരിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കുന്നതിന് സബ്ജക്ട് കമ്മിറ്റി ഉടൻ കൂടേണ്ടതുണ്ട്. പ്രത്യേക സാഹചര്യത്തിൽ സബ്ജക്ട് കമ്മിറ്റിക്ക് പോകുന്ന ഈ ബിൽ ചർച്ച കൂടാതെ പാസ്സാക്കുന്നതാണ് ഉചിതം.

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 6.25-ന് പിരിഞ്ഞു.

**********************